PRESIDENT: I know. But he does not want to talk piecemeal about corruption. He wants to talk comprehensively about corruption.

MR. MATHAI CHEMPARATHY: The revenues of the department could not be properly collected. That leads to loss of revenue to Government. I know that more than 90 per cent of the Excise Inspectors are very corrupt and some of the Assistant Excise Commissioners are also corrupt. The Inspectors have necessarily to be corrupt, because they work with the connivance of the Assistant Excise Commissioners. These people take money from the toddy and abkari contractors.

MR. PULIYOOR T. P. VELAYUDHAN PILLAI: I have to clear one doubt. The present cut motion comes under the heading 'Excise Commissioner Salary' and the other motion comes under the heading 'Commissioner Allowances'. I wish to know whether the object detailed in the cut motion could be discussed in this motion.

PRESIDENT: You say that questions relating to two heads at the same time cannot be discussed. But at the same time it is an easy proposition. I do not know why the honourable member sought my permission to move the two motions together and then discuss the

LIBRARY ARCHIVES Kerala Legislative Assembly

object underlying them. It is quite open to the member to say that the corruption of this officer is by no means signgular. He could say that the Assistant Excise Commissioners are corrupt because their subordinates are corrupt and they in turn can say that their subordinates are corrupt. In that manner the discussion can go on. It is fully knowing that aspect of the matter I have allowed a discussion in general terms on both the motions.

MR. P. V. MATAAI CHEMPARATHI: From personal knowledge I can say that the contractors give lump sums to the Range Inspectors for certain concessions done to them and the Range Inspectors in their turn give a portion of their income to their superior officers the Assistant Excise Commissioners and thus the matter goes on.

PRESIDENT: I am sure the honourable member has borne in mind the remarks that I made yesterday. The number of Assistant Excise Commissioners will be about seven and a remark of that kind is naturally a charge on them. I take it that the honourable member realises the full force of what I have said yesterday.

MR. P. V. MATHAI CHEMPARATHI: Sir, I do not level a particular charge on anybody. I only mean to speak in general terms. I know there are licensed and unlicensed shops. It is from the unlicensed shops the Inspectors get more bribes. The officers who supervise such shops are to be blamed. There are also a good number of unmarked trees in some parts of the localities. It is a source of loss to Government if the trees remain unmarked. The subordinate officers are aware of these facts, but they allow the trees to be tapped without including them in the account. Now on account of the effective supervision by the present Excise Commissioner, I notice an appreciable change in the subordinate officers of the Excise Department. This fact was noticed from the time of his predecessor also. There is another point also to be taken note of, that is, the location of toddy shops.

MR. PADIYARA JOSEPHKUNJU: 50 ശതമാനത്തിലധികം എക്സൈസ് ഇൻസ്പെക്ടന്മാരും അഴിമതിക്കാരാണെന്നു പറഞ്ഞുവല്ലോ. അതു പണ്ടത്തെ ശതമാനമാണോ, അതോ ഇപ്പോഴത്തെ ശതമാനമാണോ?

MR. P. V. MATHAI CHEMPARATHI: പണ്ടത്തേതിൽനിന്നും ഇപ്പോൾ കുറഞ്ഞുവരുന്നു എന്നാണ് ഞാൻ പറഞ്ഞത്.

MR. KAINIKKARA M. PADMANABHA PILLAI: Can the member say, what is the percentage?

MR. P. V. MATHAI CHEMPARATHI: I am not in possession of statistics at this moment.

MR. PULIYOOR T. P. VELAYUDHAN PILLAI: It is enough if the member could say approximately.

MR. P. V. MATHAI CHEMPARATHI: There is an appreciable change in the degree of corruption.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. V. Mathai Chemparathi.]

But my point is that in the matter of giving contracts of toddy shops, the Inspectors recommend in favour of those who give them money and similar is the practice of the Assistant Excise Commissioners in this matter. An instance of that kind was brought to my notice. Immediately the matter was reported by me to the Commissioner. He took immediate steps in the matter and corrected the wrongs done by his subordinate in that instance. I know, as a matter of fact, the subject of corruption is not a pleasant topic to be dealt with in this House. Still, when I come to know of it, it is my duty to bring to the notice of Government that matter. It is not my object to see that the toddy contractors should be benefited. But it is my object to see that corruption does not exist in any of the departments of Government. A good deal of revenue is lost to Government. With these remarks, I move my motion for the acceptance of the House.

MR. TARIATHU KUNJITHOMMEN : സർ ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിന്തുണക്കുന്നു. മറ്റു വകുപ്പുകളിൽ സാമാന്യമായി ഉണ്ടെങ്കിലും എക്സൈസ് വകുപ്പിലാണ് അധികമായി കൈക്കൂലിയും അഴിമതിയും നടക്കുന്നതെന്നുള്ളതു് പരസ്യമായ രഹസ്യമാണ്. കൈക്കൂലിക്കാരായ ഏതെങ്കിലും ചില വ്യക്തികളെ ചൂണ്ടിക്കാണിക്കുന്നതു് മര്യാദയ്ക്കു ചേർന്നതല്ലാത്തതുകൊണ്ടു കൈക്കൂലിക്കാരായ പലരേയും എനിക്കറിയാമെങ്കിലും ഞാൻ ആരുടേയും പേരുപറയണമെന്നു വിചാരിക്കുന്നില്ല. ഇതിനു ഒരു നിവർത്തിയുണ്ടാക്കേണ്ടതു അത്യാവശ്യമാണ്. ഗവണ്മെൻറിനു ആദായമുണ്ടാക്കിത്തരുന്ന ഈ വകുപ്പിൽ കൈക്കൂലിയും അഴിമതിയും വർദ്ധിച്ചാൽ ഗവണ്മെൻറിന്റെ ആദായത്തിനു തന്നെയാണ് അതുകൊണ്ടു ഹാനിവരുന്നതു്. കൈക്കൂലികൊണ്ടും അഴിമതികൊണ്ടും ജനങ്ങൾ ലാഭപ്പെടുത്തുവാനുദ്ദേശിക്കുന്നതു് ഗവണ്മെൻറിനു കിട്ടുവാനുള്ള പണം തന്നെയാണ്.

MR. PADIYARA JOSEPH KUNJU : ഇങ്ങനെ കൈക്കൂലിവാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കേണ്ടതല്ലെ?

MR. TARIYATHU KUNJITHOMMEN : ശിക്ഷിക്കേണ്ടതാണ്. അതു് ഒരു പ്രധാനോത്തരം ക്ലാടാതെ തന്നെ ഏവർക്കുമറിയാം.

MR. PADIYARA JOSEPH KUNJU : അങ്ങനെയാണെങ്കിൽ അവരുടെ പേർ പറയുന്നതിൽ എന്താണ വൈഷമ്യമുള്ളതു?

MR. TARIYATHU KUNJITHOMMEN : സഭയിൽ പറയുന്നതു മര്യാദയ്ക്കു യോജിച്ചതല്ലാ. അതുകൊണ്ടു ഞാൻപറയുന്നില്ല.

ചില എക്സൈസ് ശിപായിമാർക്കും പെറിയാഫിസറന്മാർക്കും ഇൻസ്പെക്ടറന്മാർക്കും ചില്പോൾ അസിസ്റ്റൻറ് കമ്മിഷണർമാ

LIBRARY ARCHIVES Kerala Legislative Assembly

ക്കും ഈ വകുപ്പിനോടിപാട്ടുള്ള മിക്കവരും കൈക്കൂലി കൊടുക്കുന്നുണ്ട്. ഇതിനു പരിഹാരമായി എന്റെ ബുദ്ധിയിൽ തോന്നുന്ന ഒരു മാർഗ്ഗം ഞാൻ പറയാം. മേലധികാരികൾ സക്കീട്ട ചെയ്യുമ്പോൾ അതായതു സ്ഥലത്തുചെന്ന് അവിടെയുള്ള കൈക്കൂലിക്കാരായ ഉദ്യോഗസ്ഥന്മാരെപ്പറ്റി പ്രത്യേകം അന്വേഷിച്ചു മനസിലാക്കണം, കൈക്കൂലിക്കാരാണെന്നു തെളിയുന്നവരെ പരസ്യമായി ശിക്ഷിക്കണം. ഇതു പറയുവാൻ വളരെ എളുപ്പമാണ്. എന്നാൽ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു അത്ര എളുപ്പമില്ലെന്നു എനിക്കറിയാം. ആരെങ്കിലും ഒരാൾ ഇന്നാൾ കൈക്കൂലിക്കാരനാണെന്നു പറഞ്ഞാൽ അതു വിരോധംകൊണ്ടുപറഞ്ഞതാണെന്നു മേലുദ്യോഗസ്ഥന്മാരെ കീഴുദ്യോഗസ്ഥന്മാർ സാധാരണധരിപ്പിക്കാറുണ്ട്. കീഴുദ്യോഗസ്ഥന്മാർ പറയുന്നതിനെ സാധാരണമേലുദ്യോഗസ്ഥന്മാർ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നു. ഇങ്ങിനെയാണ് മിക്ക ഡിപ്പാർട്ടുമെൻറുകളിലും നടക്കുന്നതു്. ഒരു ജനപ്രതിനിധിയൊ അല്ലെങ്കിൽ ഒരു പൗരനൊ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ ചെയ്ത അഴിമതിയെക്കുറിച്ചു പരാതിപ്പെടുമ്പോൾ കീഴുദ്യോഗസ്ഥന്മാർ രഹസ്യമായിചെന്ന് അയാളുടെ മേലുദ്യോഗസ്ഥനെ കണ്ടു് ഇതു് ഇന്നകാര്യംകൊണ്ടു ഇന്നാരുടെ വിരോധംകൊണ്ടു പറഞ്ഞതാണെന്നു പറകയും പറയിക്കയും ചെയ്യും. അതിനെക്കുറിച്ചു് ശരിയായ അന്വേഷണം നടത്തുവാൻ സാധാരണ മേലുദ്യോഗസ്ഥന്മാർ തയാറാവുകയുമില്ല.

MR. PADIYARA JOSEPH KUNJU : ഒരു ചോദ്യം.

MR. TARIATHU KUNJITHOMMEN : ചോദ്യം അവസാനത്തിൽ ചോദിച്ചാൽ ഞാൻ ഉത്തരം പറയാം.

MR. PADIYARA JOSEPH KUNJU : സർ, ഞാൻ ഒരു പായിൻറ് ഒഫ് ആർഡർ കൊണ്ടുവരുന്നു.

ഒരു അനുദ്യോഗസ്ഥസാമാജികൻ എന്തെങ്കിലും അനാവശ്യമൊക്കെ പറയുകയും അതിലെ തെറ്റു തിരുത്തുവാൻ ഒരു മെംബർ എന്തെങ്കിലും ചോദ്യം ചോദിക്കുകയും ചെയ്യുമ്പോൾ ഞാൻ അതിനു തയാറില്ലാഎന്നു പറയുന്നതു ശരിയാണൊ?

PRESIDENT: There is a certain duty cast upon the members of the Government Benches to answer questions and the limits and ambit of that duty have been outlined by the Chair. So far I know, no non-official member of this House is under a legal or even moral obligation to answer questions or satisfy the legitimate or illegitimate curiosity of other honorable members.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATHU KUNJITHOMMEN : സർ, ഒരു മെംബർ ഒരു സംഗതിയെക്കുറിച്ച് പറയുമ്പോൾ മറ്റുചില മെമ്പറന്മാക്ക് അതു് അനാവശ്യമാണെന്ന് തോന്നാം. അതു ഓരോരുത്തരുടെ സ്വഭാവമനുസരിച്ചിരിക്കും.

അങ്ങിനെയുള്ളതിനു് സമാധാനം പറയേണ്ട ആവശ്യമില്ല. ഞാൻ എന്റെ പ്രസംഗം തുടരാം. എക്സൈസ് കമ്മീഷണർ സക്കീട്ടുകളുമ്പോൾ ജനപ്രതിനിധികളോടും പൗരപ്രമാണികളോടും സംഗതികൾ ചോദിച്ചു മനസ്സിലാക്കി കൈക്കൂലിക്കാരാണെന്നു കണ്ടവരെ നിർദ്ദാക്ഷിണ്യമായി ശിക്ഷിക്കണം. ആഫീസിൽ ഇരിക്കുന്ന സിൽബന്ധികളുടെ കൂട്ടുകെട്ടു് ഈ കൈക്കൂലിക്കു് വളരെ സഹായിക്കുന്നുണ്ടു്. അതുകൊണ്ടു് ആഫീസിലിരിക്കുന്നവരെ ഒന്നോ രണ്ടോ വർഷത്തിലൊരിക്കൽ സ്ഥലം മാറണം. ജാതിയുടെ തണലിലാണു് കൈക്കൂലി ഇന്നു് വളർന്നു നിൽക്കുന്നതു. അതുകൊണ്ടു് ഉദ്യോഗസ്ഥന്മാരുടെയിടയിൽ വിവിധസമുദായങ്ങളിൽ പെട്ടവർ ഉണ്ടായിരുന്നാൽ കൈക്കൂലിക്കു വളരെ കുറവു വരുന്നതാണു്. ഇപ്പോൾ സ്വന്തം സമുദായത്തിൽപെട്ടവരാണല്ലോ എന്നു കരുതി നിവർത്തിയുള്ളിടത്തോളം ഉദ്യോഗസ്ഥന്മാർ ഒഴുനില്ക്കുകയാണു പതിവു്. ഇപ്പോൾ കീഴിലുള്ളവരോടു മേലുദ്യോഗസ്ഥന്മാർ കാണിച്ചുകൊണ്ടിരിക്കുന്ന വാത്സല്യം തുടർന്നു പോകുന്നതു ശരിയല്ല. സമർത്ഥനായ കമ്മീഷണർ പലമാർഗ്ഗങ്ങളിൽക്കൂടിയും കൈക്കൂലിയെ അമർത്തുന്നതിനു് സാധിക്കുമോ എന്നു നന്നു പരീക്ഷിച്ചു നോക്കേണ്ടതാണു്. ഉദ്യോഗസ്ഥരെക്കുറിച്ചു് മേലധികാരിയോടു് എന്തെങ്കിലും പരാതിപറഞ്ഞാൽ സ്വാർത്ഥം സാധിച്ചു കൊടുക്കാത്തതുകൊണ്ടു് വെറുതെ പറയുകയാണെന്നും മറ്റും കീഴുദ്യോഗസ്ഥന്മാർ പറഞ്ഞുകേൾപ്പിക്കുമ്പോൾ ഉടൻ സക്കീട്ടുപോയനേഷിച്ചുറിയണം. ഓരോ ആഫീസിലുമുള്ളവരെ രണ്ടുവർഷത്തിലൊരിക്കലും മറ്റുള്ളവരെ മൂന്നുവർഷത്തിലൊരിക്കലും സ്ഥലംമാറണം. കമ്മീഷണർ ആഫീസിലുള്ളവരെ രണ്ടുവർഷത്തിലൊരിക്കൽ സ്ഥലംമാറ്റിയേതീരൂ. ഒരു സ്ഥലത്തിരിക്കുന്ന ഒരുദ്യോഗസ്ഥനെപ്പറ്റി അവിടത്തെ എം. എൽ. എ. യോ പൗരപ്രമാണിയൊ എന്തെങ്കിലും പരാതികൾ മേലധികാരിയോടു പറയുന്നു എങ്കിൽ അതു് വിരോധംകൊണ്ടു് വെറുതെപറയുന്നതാണെന്നു് പറഞ്ഞാലും ആ ഉദ്യോഗസ്ഥനെ വേറൊരിടത്തേക്കു സ്ഥലം മാറ്റി അവിടേയും പരാതി വരുന്നു എങ്കിൽ അതു് പരമാർത്ഥമാണെന്നു് ഗണിക്കാവുന്നതാണു്. പറവൂർ ഇരിക്കുമ്പോൾ ഒരാൾ കൈക്കൂലിക്കാരനാണെന്നു പറഞ്ഞു കല്ലുളത്തേക്കുമാറ്റി അവിടെയും കൈക്കൂ

LIBRARY ARCHIVES Kerala Legislative Assembly

ലിക്കാരനാണെന്ന് കേൾക്കുകയാണെങ്കിൽ അയാളെ ശിക്ഷിക്കുന്നതുകൊണ്ട് വിരോധമില്ലല്ലോ. ഇങ്ങിനെ സ്ഥലം മാറ്റം കൊടുക്കുകയും ഉദ്യോഗനിയമനവിഷയത്തിൽ സമുദായപ്രാതിനിധ്യം ശരിയായി പുലർത്തുകയും ചെയ്ത് ഈ കൈക്കൂലിയെ ഇല്ലായ്മ ചെയ്യണം അങ്ങിനെ ഗവണ്മെൻറിൻെറ നല്ല പേരിനേയും ആദായത്തേയും പരിരക്ഷിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു.

MR. K. KUNJU PANIKKAR: Sir, I support the motion. Corruption largely exists with respect to toddy shops. Almost 90 per cent. of the contractors are victims to that. It is in the sale of toddy there is much scope for corruption. Every main shop has 10 or 12 sub-shops; in certain cases there are even 20 sub-shops. If proper supervision is conducted by the Excise authorities on the spot corruption could have been avoided to a great extent. But that is not done. The inference is that they are conniving at the practice of the contractors or that they are getting some profit out of it. Even now there are many trees which are un-numbered and they are trees which cannot easily be removed. Toddy is openly extracted from such trees and the Excise officers are not taking any action about such illicit tapping. For finding out illicit tapping, it is not enough subordinate officers like Excise peons are deputed. Though they have facilities to go to various localities and could find out the mischief workers we find the mischief is going on.

There is also a practice prevalent in the land, *i. e.*, that the tappers are selling toddy in their own houses and that they are tapping from trees which are not numbered. It is thus, I submit, that proper revenue is not being collected in the Excise Department. I do not cast any aspersion on the present Excise Commissioner, because he is a man of character. But one man of character alone cannot remedy this defect. Other people of character should take particular care. His subordinate officers should take particular care to see that corruption is removed from the department. If they are vigilant about removing the corruption, then only proper revenue could be collected. So, I submit that Government should take very strict steps in removing the corruption existing in this Department.

MR. K. P. KOCHUKORA THARAKAN: എക്സൈസ് ഡിപ്പാർട്ടുമെൻറിലെ കിഴുദ്യോഗസ്ഥന്മാരുടെയിടയിൽ അക്രമവും കൈക്കൂലിയും നടക്കുന്നുണ്ട് എന്നുള്ളതു് തിരുവിതാംകൂറിലെ ഏതുപ്രജയ്ക്കും അറിയാവുന്നതാണ്. സ്പെഷ്യൽപാർട്ടിയെ അയയ്ക്കുക എന്നൊരു ഏർപ്പാടു് ഇപ്പോഴും എക്സൈസ് ഡിപ്പാർട്ടുമെൻറിലുണ്ട്. കീഴ്സിൽബന്ധികൾക്കു് പണം വാങ്ങിക്കാനുള്ള ഒരു വഴിയായിട്ടാണ് സ്പെഷ്യൽപാർട്ടിയെ വച്ചിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. P. Kochukora Tharakan.]

അതിനെപ്പറ്റി കൺടാക്ടുരും ശിപായിമാരും മറ്റുമായി ബഹളം കൂട്ടുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. സ്പെഷ്യൽ പാർട്ടിചെന്നു് വല്ല കേസുകളും ഷാപ്പുകാരന്റെ പേരിൽ എടുക്കാതിരിക്കണമെങ്കിൽ അവക്കു് പണം കൊടുത്തേ തീരു എന്നൊരു നില ഇപ്പോൾ വന്നിട്ടുണ്ടു്. സ്പെഷ്യൽപാർട്ടി പരിശോധനയ്ക്കു് ഇറങ്ങുന്നതു കീഴുദ്യോഗസ്ഥന്മാരിൽനിന്നും മേലുദ്യോഗസ്ഥന്മാക്കു കിട്ടിക്കൊണ്ടിരിക്കുന്ന മാസംതോറുമുള്ള കൈക്കൂലി സമയത്തിനു കിട്ടാതിരിക്കുമ്പോൾ ആണെന്നുള്ളതു പരസ്യമായ ഒരു രഹസ്യമാണു്. ഒരു ഷാപ്പിനു് നാലോ അഞ്ചോ ഉപഷാപ്പുകൾ ഉണ്ടായിരിക്കും. ഇതിനെപ്പറ്റി ആരോടും പരാതി പറയാതിരിക്കുന്നതു് ഭയം കൊണ്ടാണു്. പരാതി പറയുന്നയാൾക്കു നിലയും വിലയും ഇല്ലാത്ത ഒരാളാണെങ്കിൽ വല്ല വ്യാജപ്പുകയിലയോ മറ്റോ അയാളുടെ വീട്ടിൽ കൊണ്ടിട്ടു് കേസെടുത്തു് പല വിധത്തിലുള്ള ഉപദ്രവങ്ങൾക്കും ചെയ്യും. ഈ വകകാര്യങ്ങളിൽ വേണ്ട സഹായം ചെയ്യാൻ ഇപ്പോൾ റിസർവ് പോലീസിനേയും അയച്ചിട്ടുണ്ടു്. അതുകൊണ്ടു് ആരും ധൈര്യമായി വാസ്തവങ്ങളൊന്നും പറയുന്നില്ല. ഗവണ്മെൻറിൽനിന്നും ഈ റിസർവ് പോലീസിനെ ഉടനെതിരിച്ചു വിളിക്കേണ്ടതാണു്. എക്സൈസ് ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാരെത്തന്നെ മുമതലപ്പെടുത്തി വേണ്ടവിധത്തിലുള്ള ജോലികൾ ചെയ്യിപ്പിക്കണം. കൈക്കൂലി നിൽക്കണമെങ്കിൽ വില്ലേജ് പഞ്ചായത്തു് നടപ്പിൽ വരണം. വില്ലേജ് പഞ്ചായത്തിനെപോലെ ഓരോ പകുതികളിലേയും സംഗതികൾ സൂക്ഷ്മമായി അറിഞ്ഞു റിപ്പോർട്ടു ചെയ്യുന്നതിനു മറ്റൊരേജൻസിയ്ക്കും സാധിക്കുന്നതല്ല. ഒരു ഡിപ്പാർട്ടുമെൻറിനെ മറ്റൊരു ഡിപ്പാർട്ടുമെൻറു് പിൻതാങ്ങുകതന്നെ ചെയ്യും. അതിലുള്ള കുറവുകളെ ഒന്നും പുറത്തുകാണിക്കുകയില്ല. അനുദ്യോഗസ്ഥന്മാർ ഉൾപ്പെട്ട വില്ലേജ് പഞ്ചായത്തുകൾ ഉണ്ടെങ്കിൽ അവക്കു അവിടെയുള്ള അഴിമതികളെക്കുറിച്ചു് ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാൻ സാധിക്കും. മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറഞ്ഞതുപോലെ സമുദായപ്രാതിനിദ്ധ്യം ശരിയായി അനുഷ്ഠിക്കുകയാണെങ്കിൽ കൈക്കൂലിക്കു് വളരെ കുറവുണ്ടാകും. ഇപ്പോൾ ഇൻസ്പെക്ടരുടെ അടുത്ത സാബന്ധിയായിരിക്കും പെറ്റിഓഫീസർ. അതിനടുത്ത ഇൻചാർജ് പെറ്റിഓഫീസർക്കു് ബന്ധപ്പെട്ട ആളായിരിക്കും. ഇവരുടെ ഇടയിലുള്ള കുഴപ്പത്തെ അവർ വെളിയിൽ കാണിക്കുകയില്ല. ഈ മാതിരി പല സംഗതികളും ഉണ്ടു്. അവയെ ഈ സഭയിൽ പരസ്യമായി

LIBRARY ARCHIVES Kerala Legislative Assembly

പറയാതിരിക്കുന്നതു് മദ്യാസക്തി മാത്രമാണു്. അതുകൊണ്ടു് ഈ വക കാര്യങ്ങളിൽ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിക്കണം. എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ഇന്നു കാണുന്ന അഴിമതികളെ നിവൃത്തി ഗവണ്മെൻറിന് ന്യായമായി കിട്ടാനുള്ള ആദായം മുഴുവൻ വരുത്തിയാൽ അതു് ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന ആദായത്തിന്റെ ഇരട്ടി ആയിരിക്കും കള്ളവാറുക മുതലായ വ്യാജപ്രവൃത്തികൾ ഉദ്യോഗസ്ഥന്മാരുടെ അറിവോടുകൂടിയാണു് നടന്നുവരുന്നതെന്നുള്ള സംഗതി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊള്ളുന്നു. നാഷണൽപാർട്ടി കൈക്കൂലിയെ സഹായിക്കുന്ന ഒന്നാകയാൽ അതിനെ നിർത്തൽ ചെയ്യണം. അതിലേക്കു് അനുദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയാൽ കാര്യങ്ങൾ ഭംഗിയായി നടത്താൻ സാധിക്കും. ഈ വക സംഗതികൾ നടപ്പിൽ വരുത്തുന്നതിനു് സത്യവാനും നീതിജ്ഞനും ആയ എക്സൈസ് കമ്മീഷണർ ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു.

MR. P. S. MAHOMED : ഈ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. മദ്യവ്യവസായം തന്നെ ദോഷാവഹമാണു. അതുകൊണ്ടു് അതിനെ നിയന്ത്രിക്കുന്നതിനു് പല വഴികളും ഏർപ്പെടുത്തിയിട്ടുണ്ടു്. എക്സൈസ് ഡിപ്പാർട്ടുമെൻറുകാർ അവരുടെ പരിധിവിട്ടു് അനുകൂല്യം കാണിച്ചതുകൊണ്ടാണു് ഇന്നു് ഇത്രമാത്രം ദുഷ്യംവന്നുചേർന്നിട്ടുള്ളതു്. സിൽബന്ധികളും കീഴുദ്യോഗസ്ഥന്മാരും മറ്റുചില പരിതഃസ്ഥിതികളിൽ പരസ്യമായി ഉറന്നുപ്രസ്താവിക്കുന്നതിനു് വിപരീതമായി, മേലധികാരികളുടെ അറിവോടുകൂടി ഇതു് ഉപയോഗിക്കുന്നതിനു കിട്ടുന്ന സൗകര്യം കൊണ്ടാണു് ഇതു് ഇത്രകൂടുതൽ ദുഷിക്കുന്നടത്തായതു്. കുറെക്കാലമായി ഡിപ്പാർട്ടുമെൻറിന്റെയും ഗവണ്മെൻറിന്റെയും നയം മദ്യപാനം കുറയ്ക്കണമെന്നായിരുന്നു. അതിനുവേണ്ടി മദ്യത്തിന്റെ വിലകൂട്ടുകയും കണ്ടാക്ടുക്കു് നഷ്ടം വരാതിരിക്കുന്നതിനുവേണ്ടി മുകളിലുള്ള ചില ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് അവരെ സഹായിക്കുന്നതിനും ശ്രമിച്ചു. തൽഫലമായി കീഴുദ്യോഗസ്ഥന്മാരും കണ്ടാക്ടറന്മാരും ചെത്തുകാരും തമ്മിൽ സഖ്യം ചേർന്നു് ആദായം ഉണ്ടാക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുതുടങ്ങി. കേസില്ലാത്ത സ്ഥലത്തു് കേസുണ്ടാക്കി അവരുടെ ജോലികൾ തൃപ്തികരമായി ചെയ്യുവന്നു. ഇങ്ങിനെ അവർ തമ്മിൽ അങ്ങോട്ടും ഇങ്ങോട്ടും കാണിച്ചുതുടങ്ങിയ അല്പസ്വല്പ സൗജന്യങ്ങൾ നിമിത്തമാണു് ഇപ്പോൾ ഗവണ്മെൻറും ഡിപ്പാർട്ടുമെൻറു് മേലധികാരിയും വിചാരിച്ചിട്ടു് അമർത്താൻ സാധിക്കാത്ത ഒരു നിലവന്നുചേർന്നിട്ടുള്ളതു്. അതുകൊണ്ടു ഗവണ്മെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed.]

ൻറ് ഈ വിഷയത്തിൽ ശ്രദ്ധിച്ച് ഇന്നത്തെ ഈ ദുഷിച്ച നിലയെ മാറുന്നതിന് ശ്രമിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു.

MR. K. P. KOCHUKORA THARAKAN : ഇന്നത്തെ നമ്പർ പ്രൊഹിബിഷൻ ആണെങ്കിൽ ചെത്തുന്ന തെങ്ങുകളുടെ എണ്ണം കുറഞ്ഞതെങ്ങിനെ എന്ന് പറയാമോ?

MR. P. S. MAHOMED : ജനസംഖ്യയും കൂടിയല്ലെ വരുന്നത്.

MR. A. K. KUMARAN VAIDYAN : എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ഉള്ളതുപോലെയുള്ള അഴിമതി വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ ഉണ്ടോ എന്ന് സംശയമാണ്. ഒരു ഷാപ്പുകാരൻ എക്സൈസ് കാക്ക് ഒരു ശുപാ കൈക്കൂലി കൊടുക്കണം. അങ്ങിനെയുള്ള ഷാപ്പുടമസ്ഥന് ഏതു ആനുകൂല്യവും അവർ ചെയ്തു കൊടുക്കും. ശരിയായി ഷാപ്പു നടത്തുന്ന ഒരാളിന് ഈ തുക കൊടുക്കാൻ സാധിക്കുകയില്ല. ഓരോ ഉദ്യോഗസ്ഥന്മാർ ഒരേ സ്ഥലത്തുതന്നെ വളരെക്കാലം ഇരിക്കണമെന്നും മറ്റും ശുപാർശ ചെയ്യുന്നത് കൈക്കൂലിക്കുവേണ്ടി മാത്രമാണ്. പറവൂർ ഇരിക്കുന്ന അസിസ്റ്റൻറ് കമ്മീഷണർ വളരെ നല്ലയാളാണ്. അദ്ദേഹം ഇളന്തിക്കര ചെക്കയിൽ പരിശോധനയ്ക്കു ചെന്നപ്പോൾ കൈക്കൂലി വാങ്ങിച്ച അനേകം സാധനങ്ങൾ അവിടെ കണ്ടു. അവയെ അദ്ദേഹം ലേലത്തിൽ വിറ്റ് സർക്കാരിലേയ്ക്കു മുതൽക്കൂട്ടി. ഇൻസ്പെക്ടർക്ക് സ്ഥലംമാറ്റം വരുമ്പോൾ അവർ വളരെ വിഷമിക്കുന്നുണ്ട്. ഓരോ കള്ളുഷാപ്പിനും അഞ്ചു ഉപഷാപ്പുകൾ വീതമുണ്ട്. ഈ ഉപഷാപ്പുകൾ ഇന്നയിന്ന തുക അസിസ്റ്റൻറ് കമ്മിഷണർക്കും പെറ്റിഅഫീസർക്കും കൊടുക്കണമെന്ന് നിർബന്ധമുണ്ട്. മാസംതോറും ഈ തുക മൊത്തമായും അല്ലാതേയും കൊടുക്കുന്നുണ്ട്. ഈ വക സംഗതികളെപ്പറ്റി എനിക്കു നേരിട്ടും കേൾവിയിലും അറിയാം. കൊച്ചിയിൽ പ്ലേഗു വന്ന സമയത്ത് സ്പെഷ്യൽ പരിശോധനയ്ക്ക് ഡാക്ടരേയും എക്സൈസ് കാരേയും അയച്ചിരുന്നു. ഇന്നും അതു നില നില്ക്കുന്ന പല സ്ഥലങ്ങളും ഉണ്ട്. സാധുവായ ഒരുത്തൻ കൊച്ചിയിൽ നിന്നും രണ്ടുചാക്ക് അരി കൊണ്ടുവരികയാണെങ്കിൽ അതിന് പ്ലേഗ് ആഫീസറുടെ സർട്ടിഫിക്കറുവേണമെന്നും അല്ലെങ്കിൽ വല്ലതും കൊടുക്കണമെന്നും ഈ കൂട്ടർ ആവശ്യപ്പെട്ടുവന്നിരുന്നു. ഒരു വള്ളത്തിൽ ഒരാൾക്ക് യാത്രപോകണമെങ്കിൽ കാൽ അണ എങ്കിലും കൊടുക്കേണ്ടിവരും. ഇപ്പോഴത്തെ അസിസ്റ്റൻറ് കമ്മീഷണർ ഇക്കാര്യങ്ങളെപ്പറ്റി ശ്രദ്ധിക്കുന്നുണ്ട്. അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

രണ്ടുമൂന്നുകൊല്ലം ആ താലൂക്കിൽ ഇരുന്നാൽ കൈക്കൂലിയെ അമർത്താൻ സാധിക്കുന്നതാണു്. അദ്ദേഹം സത്യസന്ധനും നീതിനിഷ്ഠനുമാണു്, ഷാപ്പുകൺടാക്ടരുടെ പേരിൽ വ്യാജചാരായത്തിനു കേസെടുക്കും. കൈക്കൂലി കൊടുക്കുന്ന എങ്കിൽ വ്യാജച്ചാരായം പരസ്യമായി വില്ക്കുന്നതിനു് സഹായിക്കും. ഈ വിധത്തിലുള്ള അക്രമങ്ങൾക്കു് വേണ്ട നിവാരണം ചെയ്തില്ലെങ്കിൽ മദ്യനിരോധനമാണു് ഗവണ്മെൻറു് നയമെന്നു് സമാധാനം പറയുന്നതുകൊണ്ടു് യാതൊരു ഫലവുമുണ്ടാകുകയില്ല. എക്സൈസ് ഡിപ്പാർട്ടുമെൻറിലുള്ള താഴ്ന്നതരം പ്യൂൺസിൻെറ ശമ്പളം വളരെ പരിമിതമാണു്. അവർ കൈക്കൂലി വാങ്ങിക്കുന്നതു് ആഹാരത്തിനു് വകയില്ലാത്തതുകൊണ്ടാണു്. ഇൻസ്പെക്ടക്കും സബ്ബു് ഇൻസ്പെക്ടക്കും റെയിഞ്ചു് ഇൻസ്പെക്ടക്കും അസിസ്റ്റൻറു് കമ്മീഷണക്കും കൈക്കൂലിയിൽ ഒരു വീതം കൊടുത്തു വരുന്നുണ്ടു്. സമുദായപ്രാതിനിദ്ധ്യം ശരിയായി പരിപാലിച്ചാൽ കൈക്കൂലിക്കു് വളരെ കുറവു വരുമെന്നു ഇവിടെ ചിലർ പ്രസ്താവിക്കുകയുണ്ടായി. എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരിൽ ഫ ൦ ൦-നു് ൯൫ ശതമാനവും കൈക്കൂലിക്കാരാണു്. വളരെ പ്രയാസപ്പെട്ടു് ഈ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗം വാങ്ങിക്കുന്നതു് ഇതിനാണു്. അങ്ങിനെയുള്ള പലരേയും നേരിട്ടും അല്ലാതേയും അറിയാം. എനിക്കു് എക്സൈസ് ഡിപ്പാർട്ടുമെൻറിനോടു് യാതൊരു ബന്ധവുമില്ല എക്സൈസ് ഡിപ്പാർട്ടുമെൻറിനോടുള്ള വിരോധം കൊണ്ടോ ഷാപ്പുകൺടാക്ടരിൽനിന്നും ഒന്നും കിട്ടാത്തതുകൊണ്ടോ അല്ല ഞാൻ ഇങ്ങിനെ പറയുന്നതു്. എന്നാൽ ഏതു ഡിപ്പാർട്ടുമെൻറിനും ദോഷം ഉണ്ടാകുന്നതു അതിലെ ഉദ്യോഗസ്ഥന്മാർ നിമിത്തമാണു്. ഗവണ്മെൻറു് എത്ര ശ്രമിച്ചാലും ഡിപ്പാർട്ടുമെൻറിൽ ഇരിക്കുന്നവർ ശ്രദ്ധിച്ചില്ലെങ്കിൽ ഒരിക്കലും ഗുണം ഉണ്ടാകുകയില്ല. കൈക്കൂലിയെ തടുക്കുന്നതിനു് തക്കതായ ഒരു നിവാരണമാർഗ്ഗം കണ്ടുപിടിച്ചില്ലെങ്കിൽ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ വളരെ കുഴപ്പങ്ങളുണ്ടാകും. ഇപ്പോൾ സ്പെഷ്യൽപാർട്ടി വരുന്നുയെന്നു് രഹസ്യമായി മുന്നറിവു കൊടുക്കുന്നതുകൊണ്ടു് എല്ലാ സ്ഥലത്തുമുള്ളവർ വളരെ കരുതിയിരിക്കുന്നു. കേസെടുക്കാനുള്ള സൗകര്യങ്ങളെല്ലാം അവർ മാറ്റിക്കളയുന്നു. ഇതിനു് യാതൊരു മുന്നറിവും കൊടുക്കാതെ എക്സൈസ കമ്മീഷണർ തന്നെ പരിശോധിക്കുന്നതായാൽ ഈ കള്ളങ്ങളെല്ലാം കണ്ടുപിടിക്കാം. ധർമ്മരാജ്യത്തിൻെറ അന്തസ്സിനെ പാലിക്കുന്നതിനും ഈ ഡിപ്പാർട്ടുമെൻറിലെ അധർമ്മത്തെ ഇല്ലായ്മ ചെയ്യുന്നതിനും ബഹു

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Kumaran Vaidyan.]

മാനപ്പെട്ട ഗവണ്മെൻറും ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷനും വേണ്ട വിധത്തിൽ ശ്രദ്ധിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

SRIMATHY T. NARAYANI AMMA: I also rise to support the motion to discuss only one aspect of the Excise policy namely, that of Abkari.

PRESIDENT: How will the member bring in corruption under that heading ?

SRIMATI T. NARAYANI AMMA: I will bring that also during the course of my discussion.

Times without number this question has been discussed on the floor of this House. I do not propose now to reiterate the arguments in support of that. We have been told that the policy of the Department is the promotion of temperance. But it is regrettable to note—

PRESIDENT: Though I do not want to check the liberty of the member, I may inform the member that the question of local option and prohibition would not be relevant to the discussion before the House.

MR. M. P. JOSEPH: Sir, I am in a peculiar position. I am the victim of a burdensome legacy. The Excise Department has been the subject of complaint and attack from very early times. I may at once admit that there is some form of corruption in the lower ranks of the Department as there is in other Departments. (Hear, Hear.)

MR. KAINIKKARA M. PADMANABHA PILLAI: May we take that as an authoritative statement from the Government ?

PRESIDENT: The honourable member is speaking as Excise Commissioner.

MR. KAINIKARA M. PADMANABHA PILLAI: He is speaking as Excise Commissioner on behalf of Government.

PRESIDENT: He is speaking as Excise Commissioner.

MR. P. SIVARAMA PILLAI: Is the fact that there is corruption in other departments a justification ?

MR. M. P. JOSEPH: I admit that there is some form of corruption in the lower ranks.

MR. K. R. NARAYANAN: രണ്ടു തെറ്റുകുടിയാൽ ഒരു ശരിയാകുമോ ?

PRESIDENT: Generally speaking, although as between non-official members when one non-official member is on his legs he need not yield his place to another non-official member, general courtesy requires that official members should yield their place to non-official members.

MR. K. R. NARAYANAN: എക്സൈസ് ഡിപ്പാർട്ടുമെൻറിൽ കറപ്ഷൻ ഉണ്ടെന്നും അതുപോലെ മറ്റു ഡിപ്പാർട്ടുമെൻറുകളിലും ഉണ്ടെന്നു പറഞ്ഞു. രണ്ടു തെറ്റുകുടിയാൽ ഒരു ശരിയാകുമോ എന്നാണ് ഞാൻ ചോദിക്കുന്നതു ?

LIBRARY ARCHIVES Kerala Legislative Assembly

MR. M. P. JOSEPH: I did not mean it as a justification at all. In the subordinate ranks there is likely to be some corruption and there is some corruption.

PRESIDENT: The honourable member will remember that there is only 3 minutes to 1 o'clock when the Demand has to be put to vote.

MR. M. P. JOSEPH: I am not prepared to admit that there is corruption in the higher ranks of the service. There may be black sheep here and there. But to say that 98 or 99 per cent of the Excise Department employees are corrupt is going wide of the mark. We have been trying to weed out corruption as far as possible. We have punished several Inspectors, several Petty officers and several peons. I do not want to give a list of persons that have been punished. But I may inform the House that very drastic steps have been taken against those officers who are corrupt.

MR. PADIYARA JOSEPH KUNJU: അസിസ്റ്റന്റ് കമ്മീഷണർമാരിൽ വല്ലവരേയും ശിക്ഷിച്ചിട്ടുണ്ടോ ?

MR. M. P. JOSEPH: There was no complaint against any Assistant Excise Commissioner and so there was no investigation and no punishment. Government is taking every step to stop corruption. Their object is to see that the Department is kept neat and clean. There might have been malpractices, sub-sales, sub-shops etc. But an earnest attempt is being made by the Department to get rid of all malpractices and corruption.

MR. P. S. MUHAMMED: പൊറിഞ്ഞുഫീസർമാരുടെമേൽ ഇൻസ്പെക്ടർ വേണ്ടവിധത്തിൽ ശ്രദ്ധിക്കുന്നതിന് കമ്മീഷണർശ്രമിക്കുമോ ?

MR. M. P. JOSEPH: Every attempt is being made to find out corrupt officers and if there is evidence forthcoming investigation is made and the officer punished. The difficulty is this. There is a general statement that all are corrupt but when the question of evidence comes there will be nobody to support their statements.

PRESIDENT: The time allotted for the Demand is over.

MR. P. V. MATHAI CHEMPARATHY: Sir, I withdraw my motion.

The motion was, by leave, withdrawn.

The following motions lapsed as the time allotted for the Demand had expired:

Motions 82-118, excluding Motion No. 91.

MR. K. NARAYANAPERUMAL NADAR:

82. To reduce the allotment of Rs. 9,477 for Salaries by Re. 1.

COMMISSIONER—*Allowances.*

MR. K. R. NARAYANAN:

83. To reduce the allotment of Rs. 3,500 for travelling allowances by Re, 1.

MR. K. NARAYANAPERUMAL NADAR:

84. To reduce the allotment of Rs. 3,500 for travelling allowances by Re. 1.

MR. THAMARAPPALLIL KOCHUTHOMMEN:

LIBRARY ARCHIVES Kerala Legislative Assembly

85. To reduce the allotment of Rs. 3,500 for travelling allowance by Rs. 5.

MR. K. P. KOCHUKORATHARAKAN :

86. To reduce the allotment of Rs. 3,500 for travelling allowance by Re. 1.

MR. KOTTALIL P. ABRAHAM :

87. To reduce the allotment of Rs. 3,500 for travelling allowance by Re. 1.

MR. P. S. MUHAMED :

88. To reduce the allotment of Rs 3,500 for travelling allowance by Rs 10.

MR. PULIYOOR T. P. VELAYUDHAN PILLAI :

89. To reduce the allotment of Rs. 3,500 for travelling allowance by Re. 1.

MR. VARKALA K. MADHAVAN :

90. To reduce the allotment of Rs 3,500 for travelling allowance by Re. 1.

MR. N. R. KRISHNAN :

92. To reduce the allotment of Rs. 3,500 for travelling allowance by Re. 1.

Motions for reduction of total grant.

MR. KAINIKKARA M. PADMANABHA PILLAI :

93. To reduce the allotment of Rs. 66,170 for Commissioner by Re. 1.

MR. P. NARAYANA PILLAI :

94. To reduce the allotment of Rs. 66,170 for Commissioner by Re. 1.

MR. S. NARAYANA PILLAI :

95. To reduce the allotment of Rs. 66,170 for Commissioner by Re. 1.

MR. K. KUNJU PANICKAR :

96. To reduce the allotment of Rs. 66,170 for Commissioner by Re. 1.

B. EXCISE-DIVISION OFFICES—*Salaries.*

MR. P. V. MATHAI CHEMPARATHY :

97. To reduce the allotment of Rs. 29,363 For Assistant Excise Commissioners by Re. 1.

MR. C. JEBAMONY NADAR :

98. To reduce the allotment of Rs. 29,363 For Assistant Excise Commissioners by Re. 1.

DIVISION OFFICES—*Supplies and Services and Contingencies.*

MR. THAMARAPALLIL KOCHUTHOMMEN :

99. To reduce the allotment of Rs. 750 for transport of opium and ganja by Re. 1.

MR. K. P. KOCHUKORATHARAKAN :

100. To omit the allotment of Rs. 750 for transport of opium and ganja.

Motions for reduction of total grant.

MR. THARIATHU KUNJITHOMMEN :

101. To reduce the allotment of Rs. 74,287 for Division Offices by Re. 1.

MR. A. K. KUMARAN VAIDYAN :

102. To reduce the allotment of Rs. 74,287 for Division Offices by Re. 1.

4 C—EXCISE-RANGES—*Salaries.*

MR. P. V. MATHAI CHEMPARATHY :

103. To reduce the allotment of Rs. 18,401 for Inspectors by Re. 1.

MR. A. K. KUMARAN VAIDYAN :

104. To reduce the allotment of Rs. 53,217 for Salaries by Re. 1.

RANGES—*Establishment.*

MR. THARIATHU KUNJITHOMMEN :

105. To reduce the allotment of Rs. 2,33,069 for Establishment by Re. 1.

LIBRARY ARCHIVES Kerala Legislative Assembly

MR. A. K. KUMARAN VAIDYAN:
106. To reduce the allotment of Rs. 2,33,069 for Establishment by Re. 1.

4—EXCISE—*Total allotment.*

MR. A. K. KUMARAN VAIDYAN:
107. To reduce the allotment of Rs. 4,71,427 for Excise by Re. 1.
MR. VARKALA K. MADHAVAN:
108. To reduce the allotment of Rs. 4,71,427 for Excise by Re. 1.
MR. P. V. MATHAI CHEMPARATHY:
109. To reduce the allotment of Rs. 4,71,427 for Excise by Re. 1.
MR. P. V. MATHAI CHEMPARATHY:
110. To reduce the allotment of Rs. 4,71,427 for Excise by Re. 1.

5—CUSTOMS—*Total allotment.*

MR. P. S. MUHAMED:
111. To reduce the allotment of Rs. 98,841 for Customs by Rs. 10.
MR. K. R. NARAYANAN:
112. To reduce the allotment of Rs. 98,841 for Customs by Re. 1.
MR. M. L. JANARDANA PILLAI:
113. To reduce the allotment of Rs. 98,841 for Customs by Re. 1.
MR. PULIYOOR T. P. VELAYUDHAN PILLAI:
114. To reduce the allotment of Rs. 98,841 for Customs by Re. 1.
MR. THARIATHU KUNJITHOMMEN:
115. To reduce the allotment of Rs. 98,841 for Customs by Re. 1.
MR. A. K. KUMARAN VAIDYAN:
116. To reduce the allotment of Rs. 98,841 for Customs by Re. 1.
MR. A. K. KUMARAN VAIDYAN:
117. To reduce the allotment of Rs. 98,841 for Customs by Re. 1.
MR. KANNANTHODATH JANARDANAN NAIR:
118. To reduce the allotment of Rs. 98,841 for Customs by Rs. 10.

The question was that Government be granted a sum of Rs. 6,90,435 minus Rs. 5 under Demand II—Excise Department—was put and carried. The grant was made.

DEMAND III—ADMINISTRATION OF JUSTICE.

MR. PUTHUPALLI S. KRISHNA PILLAI: Sir, I rise to move for a grant of Rs. 11,25,100 under Demand III—Administration of Justice.

The House rose for lunch at 1 P. M. and reassembled at 2 P. M.

MR. K. NARAYANAPERUMAL NADAR: Sir, I move to omit the allotment of Rs. 1,800 for Deputy Registrar by Re. 1—to speak of the abolition of the Deputy Registrar's post.

Sir, the Retrenchment Committee appointed in 1107 went into the whole question and made the following observation, on page 32 of the Retrenchment Committee's report. Sir, before reading this let me bring to your notice, that the non-official members of the Committee included among others the honourable member Mr. Puthupally S. Krishna Pillai (the present Legal Remembrancer), Mr. Pattam Thanu Pillai and myself. It is stated there, that "some reduction seems however to be possible in the office staff of the High Court. The

LIBRARY ARCHIVES Kerala Legislative Assembly